**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ടോ; | (എ) | 2020 ജൂൺ 1 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഡിജിറ്റൽ വിദ്യാഭ്യാസമാണ്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തിക്കൊണ്ടാണ് ഇത് നടപ്പിലാക്കിയത്. അധ്യാപകർ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഡിജിറ്റൽ വിദ്യാഭ്യാസത്തെപ്പോലെ ഓൺ ലൈൻ വിദ്യാഭ്യാസവും സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നത് എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കത്തക്ക വിധത്തിലാണ് സജ്ജീകരിക്കുന്നത്. |
| (ബി) | ഓൺലൈൻ പഠന സൗകര്യമില്ലാത്ത എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വഴി ശേഖരിച്ചുവരികയാണ്. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് 2021-22അധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന തല ക്യാമ്പയിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം സ്കൂൾ തലത്തിൽ അധ്യാപകരുടെയും പി.റ്റി.എ.യുടേയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് നടത്തി വരികയാണ്. സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാ തലത്തിലും, ജില്ലാ തലത്തിൽ ക്രോഡീകരിച്ച കണക്ക് സംസ്ഥാന തലത്തിലും പൂർത്തീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഓൺലൈൻ പഠനത്തിന് നെറ്റ് വർക്കിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഐ.ടി. വകുപ്പിന്റെ നേതൃത്വത്തിൽ ഇൻറനെറ്റ് സർവ്വീസ് ദാതാക്കളുടെ ഒരു യോഗം ജൂൺ മാസത്തിൽ വിളിച്ചു ചേർത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ ടവറുകൾ സ്ഥാപിച്ചും പ്രസരണ ശേഷി വർദ്ധിപ്പിച്ചും നെറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർവ്വീസ് ദാതാക്കൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലോക്കൽ കേബിൾ നെറ്റ് വർക്ക് ഓപ്പറേറ്റർമാരുടെ സഹകരണത്തോടെയും നെറ്റ് വർക്കിന്റെ കുറവ് പരിഹരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ